കൊണ്ട് 1993 ൽ നടപ്പിൽ വരുത്തേണ്ട ശമ്പള പരിഷ്കരണമെന്നും പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ്മാർക്ക് നൽകാനില്ല.

(ഡി) 1997 മുതൽ പ്രാബല്യത്തിൽ വന്ന ശമ്പളപരിഷ്കരണത്തിന്റെയും, സെൻട്രൽ ബി.പി.ഇ. യുടെ കഴിഞ്ഞ ശമ്പള പരിഷ്കരണത്തിന്റെയും അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ്മാരുടെ ശമ്പളസ്കെയിലുകൾ അഞ്ചുകൊല്ലത്തെ കാലാവധി കഴിയുന്നതിനു മുൻപുതന്നെ പരിഷ്കരിക്കണമോ എന്ന കാര്യം പരിശോധിച്ചുവരികയാണ്.

94 (1692) മലപ്പുറം ജില്ലയിലെ എൽ.പി./യു.പി. സ്കൂൾ അസിസ്റ്റന്റ് തസ്തിക

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിലുള്ള എൽ.പി./യു.പി. സ്കൂൾ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്ന് ഇതുവരെ എത്രപേർക്ക് നിയമനം നല്കിയെന്ന് വെളിപ്പെടുത്തുമോ;

(ബി) നിയമനം നല്കിയവരുടെ റാങ്ക് വിവരം കാറ്റഗറി തിരിച്ച് വെളിപ്പെടുത്തുമോ;

(സി) കോടതിവിധിയുടെ അടിസ്ഥാനത്തിൽ നിയമന നടപടി നിർത്തി വച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2102 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) പരിശോധിക്കുന്നതാണ്.

95 (1694) കാലാവധി അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകൾ

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 ജൂൺ 30 നും അതിന് മുൻപും കാലാവധി അവസാനിക്കുന്ന എത്ര റാങ്ക് ലിസ്റ്റുകളാണ് ഇപ്പോൾ പി.എസ്.സി. യിൽ നിലവിൽ ഉള്ളത് എന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ ജില്ലാതല ലിസ്റ്റുകൾ ഏതെല്ലാം; പ്രസ്തുത ലിസ്റ്റുകളിൽ നിന്ന് എത്രപേർക്ക് നിയമനം നൽകി; വിശദവിവരം നൽകുമോ;

(സി) ഇപ്പോൾ നിലവിലുള്ള ലിസ്റ്റുകളിൽ നിന്നും എത്രപേർക്ക് നിയമനം നൽകി; വിശദ വിവരം നൽകുമോ;

(ഡി) 1999 ഡിസംബർ 31 ന് മുൻപ് അവസാനിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഒരു നിയമനവും നടത്താതെ ക്യാൻസൽ ആയ ലിസ്റ്റുകൾ ഉണ്ടോ; എങ്കിൽ അവ ഏതെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

96 (1695) എക്സ്-ഫോം ഗാർഡുകളുടെ പാർട്ട്-ടൈം നിയമനം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്-ഫോം ഗാർഡുകൾക്ക് സർക്കാർ സർവീസിൽ പാർട്ട് -ടൈം ജീവനക്കാരായി നിയമനം നൽകിയിട്ടുണ്ടോ;

(ബി) ഇവർക്കാർക്കെങ്കിലും ഫോംഗാർഡ് സർവീസ്കൂടി സംസ്ഥാന സർവീസിലെ പെൻഷനാനുകൂല്യങ്ങൾക്ക് പരിഗണിച്ചിട്ടുണ്ടോ;

(സി) കുറച്ചുപേർക്ക് മാത്രം ഫോംഗാർഡ് സർവീസ് പരിഗണിക്കുന്നതായും മറ്റുള്ളവർക്ക് അത് പരിഗണിക്കാതിരിക്കുന്നതുമായ പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) എക്സ്-ഫോം ഗാർഡുകാരായ ജീവനക്കാർക്ക് അവരുടെ ഫോം ഗാർഡ് സർവീസ് കൂടി സംസ്ഥാന സർവീസിൽ വകവച്ചുകിട്ടുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)-(ഇ) എക്സ്-ഫോം ഗാർഡുകാർക്ക് അവരുടെ ഹോം-ഗാർഡ് സർവീസ് കൂടി പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കണമെന്നാവശ്യപ്പെട്ട് അനേകം നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. എന്നാൽ അവരുടെ ഈ ആവശ്യം അനുവദിച്ചിട്ടില്ല. സർക്കാർ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കിയിട്ടുള്ള സാഹചര്യത്തിൽ ഈ ആവശ്യത്തിന് ഇപ്പോൾ പ്രസക്തിയുണ്ടെന്ന് തോന്നുന്നില്ല.

97 (1697) എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിവിധ വകുപ്പുകളിലേക്ക് എൽ.ഡി. ക്ലാർക്കുമാരെ തിരഞ്ഞെടുക്കുന്നതിനായി ഏതൊക്കെ ജില്ലകളിലാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്താനുള്ളത്; ഇവ എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കാസർഗോഡ്, വയനാട്, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റുകൾ ഇതിനകം നിലവിൽ വന്നിട്ടുണ്ട്. ശേഷിക്കുന്ന ജില്ലകളിലെ റാങ്ക് ലിസ്റ്റുകൾ കാലതാമസം കൂടാതെ പ്രസിദ്ധീകരിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly